## പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3103 — 13.07.2015 ന് മറുപടിയ്ക്ക്.

### കാട്ടുമൃഗങ്ങളുടെ ആക്രമണം

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

**ഉത്തരം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി)

(എ) കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷിക്കും ജീവനും ഭീഷണിയുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇത്തരത്തിലുള്ള എത്ര ആക്രമണങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; ആക്രമണങ്ങൾക്കിരയായവർക്ക് എന്തെങ്കിലും നഷ്ടപരിഹാരം വകുപ്പ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ; നഷ്ടപരിഹാരം നിശ്ചയിക്കാനുള്ള മാനദണ്ഡം എന്താണെന്ന് വിശദീകരിക്കാമോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങൾ സംബന്ധിച്ച് 9172 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആക്രമണങ്ങൾക്കിരയായവർക്ക് നഷ്ടപരിഹാരമായി 18,07,03,587/- രൂപ അനുവദിച്ചിട്ടുണ്ട്. 1980-ലെ കേരളാ റൂൾസ് ഫോർ കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് എന്ന ചട്ടപ്രകാരം വന്യജീവി ആക്രമണം മൂലമുണ്ടായ കൃഷിനാശം, ജീവഹാനി, പരിക്ക് മുതലായവയ്ക്ക് നഷ്ടപരിഹാരം നല്കി വരുന്നു. കാലാകാലങ്ങളിൽ ഈ നിയമം ഭേദഗതി വരുത്തിയിട്ടുണ്ട്. നിലവിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു.

| | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാരത്തുക |
|---|---|---|
| 1 | സ്ഥായിയായ അംഗഭംഗം | പരമാവധി 75,000/- രൂപ |
| 2 | വിളനാശം, വീട് നഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75,000/- രൂപ) |
| 3 | പരിക്ക് | പരമാവധി 75,000/- രൂപ (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) പട്ടിക വർഗ്ഗക്കാർക്ക് ചികിത്സക്ക് ചെലവായ മുഴുവൻ തുകയും തിരികെ ലഭിക്കും) |
| 4 | മരണം | 5 ലക്ഷം രൂപ |
| 5 | വനത്തിനു പുറത്തു വച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 1 ലക്ഷം രൂപ |

വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം ഒരു വ്യക്തിക്ക് വർഷത്തിൽ പരമാവധി 4 തവണ അനുവദിക്കുന്നതാണ്.

(ബി) വനമേഖലയോട് ചേർന്നുള്ള ജനവാസ കേന്ദ്രങ്ങളിലേക്ക് കാട്ടുമൃഗങ്ങൾ ഇറങ്ങുന്നതു തടയാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; ഏതൊക്കെ ജില്ലകളിൽ ഏതൊക്കെ ഭാഗങ്ങളിലാണ് സംരക്ഷണം ഒരുക്കിയിരിക്കുന്നത്?

(ബി) വനമേഖലയോടു ചേർന്നുള്ള ജനവാസ കേന്ദ്രങ്ങളിലേക്ക് കാട്ടുമൃഗങ്ങൾ ഇറങ്ങുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു.

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.
5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.
8. കാട്ടിലേക്ക് തിരിച്ചയയ്ക്കാൻ സാധിക്കാതെ വരുന്ന കാട്ടാനകളെ പിടിച്ചു മെരുക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണം.
9. പ്രശ്നക്കാരായ ആനകളെ പിടിച്ചു മാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.
10. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.
11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
12. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും വന്യജീവി ആക്രമണം രൂക്ഷമായ ഭാഗങ്ങളിലെല്ലാം തന്നെ മേൽ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ.